

ജൈവ സമ്പത്ത്

എഫ്. പുഷ്പരാജ് ആഞ്ചലോ
കൃഷിവിജ്ഞാനകേന്ദ്രം, എറണാകുളം

# ആര്യവേപ്പ്: കീടങ്ങളുടെ ശത്രു

ജൈവ കൃഷിയിലെ അവിഭാജ്യ വൃക്ഷമാണ് ആര്യവേപ്പ്. ഇതിന്റെ ഇലകളും കായും വിവിധതരം കീടനാശിനികളുണ്ടാക്കാൻ ഉപയോഗിക്കുന്നു. ആര്യവേപ്പിൽ അടങ്ങിയിരിക്കുന്ന അസാഡിറാക്ടിൻ എന്ന ഘടകമാണ് കീടങ്ങളെ തുരത്താൻ സഹായിക്കുന്നത്. സസ്യങ്ങളെ ആക്രമിക്കുന്നതിൽ നിന്നും കീടങ്ങളെ തടയുമെന്നതിനു പുറമേ കീടങ്ങളുടെ പ്രത്യുല്പാദന ശേഷിയെത്തന്നെ കുറയ്ക്കാൻ കാരണമാവുക വഴി അവയുടെ വംശവർദ്ധനതടയാനും ആര്യവേപ്പിലടങ്ങിയിട്ടുള്ള അസാഡിറാക്ടിന് ശേഷിയുണ്ട്. ആര്യവേപ്പിന്റെ നീരോ എണ്ണയോ തളിച്ച സ്ഥലത്ത് കീടങ്ങൾ മുട്ട ഇടുകയില്ല എന്നു മാത്രമല്ല, മുട്ട വിരിയാതിരിക്കാൻ ഈ ജൈവ കീടനാശിനി കാരണമാവുകയും ചെയ്യും.

മഞ്ഞൾ, കരിമ്പ്, വാഴ, ഏലം തുടങ്ങിയ വിളകൾക്ക് ഹെക്ടറിന് 200 കി.ഗ്രാം എന്ന തോതിലും കുരുമുളക്, വെറ്റില എന്നിവയ്ക്ക് ചെടിയൊന്നിന് 250 ഗ്രാം എന്ന തോതിലും വേപ്പിൻ പിണ്ണാക്ക് പ്രയോഗിക്കാവുന്നതാണ്. പച്ചക്കറികൾക്കും പൂച്ചെടികൾക്കും ഒരു പ്രകൃതിദത്ത വളമായി വേപ്പിൻ പിണ്ണാക്ക് ഉപയോഗിച്ചുവരുന്നു.

> വിപണിയിൽ ലഭിക്കുന്ന ഭൂരിഭാഗം വേപ്പിൻ പിണ്ണാക്കും അസാഡിറാക്ടിൻ നീക്കിയ ഗുണനിലവാരം കുറഞ്ഞവയാണ്. നല്ലയിനം വേപ്പിൻപിണ്ണാക്കിന് വേപ്പെണ്ണയുടെ ശക്തമായ മണമുണ്ടായിരിക്കും. ഇത് മനസ്സിലാക്കി വേണം വേപ്പിൻ പിണ്ണാക്ക് തിരഞ്ഞെടുക്കുവാൻ

വേപ്പിൻ പിണ്ണാക്കിലടങ്ങിയിരിക്കുന്ന അസാഡിറാക്ടിന്റെ അളവനുസരിച്ച് ഇതിന്റെ ഗുണഫലവും കൂടും. എന്നാൽ വിപണിയിൽ ലഭിക്കുന്ന ഭൂരിഭാഗം വേപ്പിൻ പിണ്ണാക്കും അസാഡിറാക്ടിൻ നീക്കിയ ഗുണനിലവാരം കുറഞ്ഞവയാണ്. നല്ലയിനം വേപ്പിൻ പിണ്ണാക്കിന് വേപ്പെണ്ണയുടെ ശക്തമായ മണമുണ്ടായിരിക്കും. ഇത് മനസ്സിലാക്കി വേണം വേപ്പിൻ പിണ്ണാക്ക് തിരഞ്ഞെടുക്കുവാൻ.

## വേപ്പെണ്ണ

ഒരു ലിറ്റർ വെള്ളത്തിൽ 15-30 മില്ലി ലിറ്റർ വേപ്പെണ്ണ ചേർത്ത് നന്നായി ഇളക്കുക. വേപ്പെണ്ണയും വെള്ളവും നന്നായി യോജിക്കുന്നതിനായി ലിറ്ററിന് 10 മില്ലി എന്ന തോതിൽ സോപ്പ് ലായനി ചേർത്ത് നന്നായി ഇളക്കി യോജിപ്പിക്കണം. എണ്ണ തുള്ളികൾ തെളിഞ്ഞു വരുന്നതിന് മുൻപ് ഈ മിശ്രിതം പ്രയോഗിക്കേണ്ടതാണ്. ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ സാങ്കേതികവിദ്യയായ വേപ്പെണ്ണ സോപ്പ് വിപണിയിൽ ലഭ്യമാണ്. ഇത് വെള്ളത്തിൽ ആവശ്യാനുസരണം അലിയിച്ച് ഉപയോഗിക്കാവുന്നതാണ്.

## വേപ്പിൻകുരു ലായനി

അഞ്ച് കി.ഗ്രാം വേപ്പിൻ കുരു നന്നായി പൊടിച്ച് 50 ലിറ്റർ വെള്ളത്തിൽ കലക്കണം. 12 മണിക്കൂർ കുതിരാൻ വച്ചതിനു ശേഷം തുണി ഉപയോഗിച്ച് അരിച്ചെടുക്കുക. ഈ ലായനിയിൽ വെള്ളം ചേർത്ത് 200 ലിറ്ററാക്കണം. ഇതിലേയ്ക്ക് 200 ഗ്രാം സോപ്പ് കലക്കുക. ഈ ലായനി വൈകുന്നേരങ്ങളിൽ തളിക്കുന്നതാണ് ഉത്തമം.

## വേപ്പിൻ പിണ്ണാക്ക് ലായനി

പത്ത് കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് ഇടിച്ച് പൊടിയാക്കി കിഴി കെട്ടി 100 ലിറ്റർ വെള്ളത്തിൽ എട്ട് മണിക്കൂർ കുതിരാൻ വയ്ക്കുക. കിഴി മാറ്റിയ

ശേഷം 300 മി.ല്ലി സോപ്പ് ലായനി വേപ്പിൻ പിണ്ണാക്ക് ലായനിയിൽ ചേർത്തിളക്കണം. ഒരേക്കറിന് 200 ലിറ്റർ മതിയാകും.

### ധാന്യ സംഭരണികളിലെ കീട നിയന്ത്രണം

പയറു വർഗ്ഗങ്ങൾ ദീർഘകാലം സൂക്ഷിച്ചു വയ്ക്കുന്നതിന്റെ കൂടെ വേപ്പില ഉണക്കി പൊടിച്ചത് 10 ശതമാനം അല്ലെങ്കിൽ വേപ്പിൻ കുരുവിന്റെ പൊടി രണ്ട് ശതമാനം വരെ കലർത്തിയാൽ കീടങ്ങളുടെ ആക്രമണം തടയാൻ കഴിയും. ധാന്യങ്ങൾക്കാണെങ്കിൽ ഉണങ്ങിയ വേപ്പില 100 കി.ഗ്രാം ധാന്യത്തിന് ഒരു കി.ഗ്രാം എന്ന തോതിൽ കലർത്തി സംഭരിക്കേണ്ടതാണ്. വിത്തുകളുടെ സംഭരണം നേരിടുന്ന പ്രധാന പ്രശ്നമാണ് തുളച്ച് നശിപ്പിക്കുന്ന വണ്ടുകൾ. ഇവയെ തടയാൻ ഒരു കി.ഗ്രാം വിത്തിന് 10 മില്ലി ഗ്രാം വേപ്പെണ്ണ എന്ന തോതിൽ കൂട്ടിക്കലർത്തേണ്ടതാണ്. ഇത്തരത്തിൽ 15 മാസങ്ങൾ വരെ വിത്തുകൾ കേടുകൂടാതെ സംഭരിക്കാവുന്നതാണ്.

ധാന്യങ്ങളും പയറുവർഗ്ഗങ്ങളും മറ്റും സംഭരിക്കുമ്പോൾ വേപ്പിൻ പിണ്ണാക്കും ഇടകലർത്തി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വേപ്പിൻ കുരു പൊടിച്ചത് ഇത്തരം ഉപയോഗങ്ങൾക്ക് അനുയോജ്യമല്ല. ഇവയുടെ തീക്ഷ്ണമായ ഗന്ധം ധാന്യങ്ങളിലേക്കും പടരുമെന്നതിനാലാണിത്.

ധാന്യം സംഭരിക്കുന്ന ചാക്കുകൾക്കുമുണ്ട് വേപ്പ് പ്രയോഗം. ചാക്കുകൾ പത്ത് ശതമാനം വേപ്പിൻകുരു ലായനിയിൽ 15 മിനുട്ട് നന്നായി നനയത്തക്കവണ്ണം കുതിർത്ത് നിഴലിൽ ഉണക്കാനിടണം. ഇത്തരത്തിൽ ഉണങ്ങിയ ചാക്കിൽ സംഭരിക്കുന്ന ധാന്യങ്ങൾ നാല് മാസം വരെ കീടബാധയേൽക്കാതെ സംരക്ഷിക്കാം.

**വേപ്പിൻ പിണ്ണാക്കിൽ അടങ്ങിയിരിക്കുന്ന പോഷകഘടകങ്ങൾ**

| പോഷകം | ശതമാനം |
|---|---|
| നൈട്രജൻ | 3.56 |
| ഫോസ്ഫറസ് | 0.83 |
| പൊട്ടാസ്യം | 1.67 |
| കാൽസ്യം | 0.77 |
| മഗ്നീഷ്യം | 0.75 |

HB




